ഇഗ്നോ റേഡിയോ ചാനൽ

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ) തിരുവനന്തപുരത്ത് ആരംഭിക്കുന്ന 'ഗ്യാൻവാണി എഫ്.എം റേഡിയോ'യുടെ ലാഞ്ചിങ് കർമ്മം നാളെ (ബുധൻ) 2.30ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അംബികാസോണി ഡൽഹിയിൽ നിർവഹിക്കും. എല്ലാ ഗ്യാൻവാണി, ഗ്യാൻദർശൻ നിലയങ്ങളും ഉദ്ഘാടന പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. 105.6 M,Hz ലാണ് പരിപാടികൾ പ്രക്ഷേപണം ചെയ്യുക.

ആദ്ധ്യാത്മിക പ്രതിവിധി

മാനേജ്മെന്റ് പ്രതിസന്ധിയും ആദ്ധ്യാത്മിക പ്രതിവിധിയും എന്ന വിഷയത്തിൽ സ്വാമി ബോധാനന്ദ സരസ്വതി നടത്തുന്ന പ്രഭാഷണം 10ന് വൈകിട്ട് 6.30ന് ജവഹർ നഗറിലുള്ള ടി.എം.എ ഹാളിൽ നടക്കും. തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷനാണ് പ്രഭാഷണം സംഘടിപ്പിച്ചിരിക്കുന്നത്.

കേരള സർവകലാശാലയിൽനിന്ന് മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടിയ പി. സുരേഷ്ബാബു. സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം.കെ. രാമചന്ദ്രൻ നായരുടെയും മാനേജ്മെന്റ് വിഭാഗം (ഐ. എം. കെ) തലവൻ ഡോ. കെ.എസ്. ചന്ദ്രശേഖരന്റെയും മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ഐ. എസ്. ആർ. ഒയിലെ മുൻ ഡെപ്യൂട്ടി പ്രോജക്ട് മാനേജരായിരുന്ന സുരേഷ്ബാബു ഇപ്പോൾ റവന്യു വകുപ്പിൽ ഡെപ്യൂട്ടി കളക്ടറാണ്. പത്തനംതിട്ട ജില്ലയിൽ മണ്ണടി തുണ്ടത്തിൽ വീട്ടിൽ പ്രഭാകരന്റെ മകനാണ്.

ശബരീനാഥിന്റെ ജാമ്യം റദ്ദാക്കണമെന്ന ഹർജി തള്ളി

തിരുവനന്തപുരം: ടോട്ടൽ ഫോർ യു കേസിൽ ശബരീനാഥിന്റെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി രഘു നൽകിയ ഹർജി എ.സി.ജെ.എം കോടതി തള്ളി. പ്ളസ് വൺ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവത്തിൽ ശബരി ജാമ്യവ്യവസ്ഥയിലെ ഉത്തരവുകൾ ലംഘിച്ചിരിക്കുന്നതിനാൽ മുഴുവൻ കേസുകളിലെയും ജാമ്യം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടാണ് ക്രൈംബ്രാഞ്ച് ഹർജി സമർപ്പിച്ചത്. ക്രൈംബ്രാഞ്ച് സമർപ്പിച്ച അപേക്ഷ അവ്യക്തമായതിനാലാണ് കോടതി ഹർജി തള്ളിയത്.

കേടാക്കിയതെന്ന് ആരോപണം

സി.ടി സ്കാൻ യന്ത്രം വീണ്ടും തകരാറിൽ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മെഡിക്കൽ കോളേജ് ആശുപത്രിയിലെ സി.ടി സ്കാൻ യന്ത്രം വീണ്ടും പണിമുടക്കി. സ്വകാര്യ സ്കാനിംഗ് സെന്ററുകാരെ സഹായിക്കാൻ യന്ത്രംകേടുവരുത്തിയതാണെന്നും ആരോപണമുണ്ട്.

രണ്ടുവർഷം മുൻപ് വാങ്ങിയ സ്കാനിംഗ് മെഷീൻ രണ്ടാം തവണയാണ് തകരാറിലാവുന്നത്. കമ്പനി ടെക്നിഷ്യന്മാർ പരിശോധിച്ചെങ്കിലും യഥാർത്ഥ കാരണം കണ്ടെത്താനായിട്ടില്ല. എങ്കിലും പ്രിന്റഡ് സർക്യൂട്ട് ബോർഡിന്റെ തകരാറ് ആയിരിക്കാമെന്നുകരുതുന്നു. അങ്ങനെയാണെങ്കിൽ പുതിയ ബോർഡ് വരുത്തി മാറ്റിവയ്ക്കുകയേ വഴിയുള്ളൂ. ഇതിന് ദിവസങ്ങളെടുക്കും.

അപകടത്തിൽ തലയ്ക്കും നട്ടെല്ലിനും പരിക്കേറ്റ് ആശുപത്രിയിലെത്തുന്ന രോഗികൾ സ്കാൻ ചെയ്യാൻ കഴിഞ്ഞ മൂന്നുദിവസമായി സ്വകാര്യ സ്കാനിംഗ് സെന്ററിൽ പോകേണ്ട അവസ്ഥയാണുള്ളത്. പാവപ്പെട്ട രോഗികളാകട്ടെ, സ്കാനിംഗ് എടുക്കാനാവാതെ വലയുകയുമാണ്.

സ്കാനിംഗ് മെഷീൻ അടിക്കടി കേടാവുന്നതിനുപിന്നിൽ ചില ജീവനക്കാരുടെ പങ്കുണ്ടെന്ന ആരോപണം ഇപ്പോഴും ഉയർന്നിട്ടുണ്ട്. കഴിഞ്ഞ തവണ തകരാറ് സംഭവിച്ചത് ഒരു ടെക്നിഷ്യന്റെ മനഃപൂർവമായ ഇടപെടൽകൊണ്ടാണെന്നു കണ്ടെത്തി ഇയാളെ പുറത്താക്കിയിരുന്നു.

ഇവിടുള്ള ടെക്നിഷ്യൻമാരിൽ പലരും ജോലിസമയം കഴിഞ്ഞ് ചില സ്വകാര്യ സ്കാനിംഗ് സെന്ററുകളിൽ അനധികൃതമായി ജോലി നോക്കുന്നുണ്ട്. അതിനാൽ സ്വകാര്യ സ്കാനിംഗ് സെന്ററുകൾ ടെക്നിഷ്യൻമാർ വഴി മെഷീൻ കേടാക്കുന്നുവെന്നാണ് ആക്ഷേപം.

നിയമസഭയിൽ ആരംഭിച്ച പാർലമെന്ററി ഇന്റേൺഷിപ് പരിപാടിയിൽ പങ്കെടുക്കുന്ന വിദേശ പ്രതിനിധികൾ

പാർലമെന്ററി ജനാധിപത്യം നടപ്പാക്കാൻ പരിശീലനം വേണം: സ്പീക്കർ

തിരുവനന്തപുരം: പാർലമെന്ററി ജനാധിപത്യത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ശരിയായ പരിശീലനം ആവശ്യമാണെന്ന് സ്പീക്കർ കെ. രാധാകൃഷ്ണൻ പറഞ്ഞു. നിയമസഭാ കോംപ്ലക്സിൽ വിവിധ രാജ്യങ്ങളിലെ പാർലമെന്ററി ഉദ്യോഗസ്ഥരുടെ ഇന്റേൺഷിപ്പ് പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള നിയമസഭയുടെ ചരിത്രവും നടത്തിപ്പ് സംബന്ധിച്ച വിവരങ്ങളും സ്പീക്കർ വിശദീകരിച്ചു. 33 രാജ്യങ്ങളിൽ നിന്നായി 43 പ്രതിനിധികളും ഇന്ത്യൻ പാർലമെന്റ്, നിയമസഭ എന്നിവയിലെ 11 ഉദ്യോഗസ്ഥരും അടക്കം 66 പേർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. നാലുദിവസത്തെ പരിശീലനമാണ് നടക്കുന്നത്. ലോക്സഭാ സെക്രട്ടേറിയറ്റ് അഡിഷണൽ ഡയറക്ടർ സി.എൻ. സത്യനാഥനാണ് പരിശീലന പരിപാടിയുടെ കോ ഓർഡിനേറ്റർ.

തകർന്നലോഡ്ജിന്റെ ബാക്കിഭാഗം പൊളിച്ചുതുടങ്ങി

തിരുവനന്തപുരം: അറ്റകുറ്റപ്പണിക്കിടെ ഒരു ഭാഗം തകർന്നുവീണ് ദുരന്തം സൃഷ്ടിച്ച തമ്പാനൂർ ഉഡുപ്പി ലോഡ്ജ് കെട്ടിടത്തിന്റെ അവശേഷിക്കുന്ന ഭാഗം പൊളിച്ചു നീക്കിത്തുടങ്ങി. ഇന്നലെ ഉച്ചയ്ക്കു ശേഷം പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് കെട്ടിടം പൊളിച്ചു തുടങ്ങിയത്.

തകർന്ന ഭാഗത്ത് തൂങ്ങിക്കിടക്കുന്ന കോൺക്രീറ്റ് പാളികളാണ് ഇന്നലെ നീക്കം ചെയ്തു തുടങ്ങിയത്. സ്റ്റാച്യുവിലെ ബാറ്ററയുടെ ബഹുനില മന്ദിരം പൊളിച്ചുനീക്കിയ സംഘത്തെയാണ് ഉഡുപ്പി ലോഡ്ജ് പൊളിച്ചുനീക്കുന്നതിനും നിയോഗിച്ചിട്ടുള്ളത്. വള്ളക്കടവ് സെയ്ഫുദ്ദീന്റെ നേതൃത്വത്തിലാണ് പൊളിച്ചുനീക്കം നടക്കുന്നത്. പകുതി ഇളകിയ നിലയിലായിരുന്ന കോൺക്രീറ്റ് പാളികൾ സേഫ്ട് ബെൽറ്റ് അരയിൽ കെട്ടിയ തൊഴിലാളി വടത്തിൽ തൂങ്ങിയിറങ്ങി ഗ്യാസ് കട്ടർ ഉപയോഗിച്ച് മുറിച്ചു മാറ്റുകയായിരുന്നു. ഇതിനു പുറമേ ഇലക്ട്രിക് കട്ടറും ജാക്ക് ഹാമറും ഉപയോഗിച്ചാണ് കെട്ടിടം പൊളിക്കുന്നത്. രാത്രിയിലും പൊളിക്കൽ തുടരുന്നതിനാൽ കെട്ടിടത്തിനകത്തും പുറത്തും വൈദ്യുത വിളക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട 15 ദിവസത്തിനുള്ളിൽ കെട്ടിടം പൊളിച്ചുനീക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി സെയ്ഫുദ്ദീൻ പറഞ്ഞു. കെട്ടിടം പൊളിക്കുമ്പോൾ വഴിയാത്രക്കാരുടെ ദേഹത്ത് പൊടിപടലങ്ങൾ വീഴാതിരിക്കാനും കാഴ്ചക്കാരെ നിയന്ത്രിക്കാനുമായി ലോഡ്ജിന്റെ മുൻവശത്ത് ഇന്നലെ രാത്രി പച്ച നെറ്റ് കെട്ടി. ലോഡ്ജിന് പൊലീസ് കാവൽ ഇപ്പോഴും തുടരുന്നു. ഫയർഫോഴ്സും സ്ഥലത്തുണ്ട്.

30 അനന്തപുരി ബസുകൾ റോഡിലിറങ്ങുന്നു

തിരുവനന്തപുരം: നഗരത്തിൽ 30 പുതിയ അനന്തപുരി സർവീസുകൾ നാളെ ആരംഭിക്കുമെന്ന് ഗതാഗതമന്ത്രി ജോസ് തെറ്റയിൽ പത്രസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ 11 ന് കിഴക്കേകോട്ടയിൽ സർവീസുകൾ ഫ്ളാഗ് ഓഫ് ചെയ്യും. പുതിയ ആറ് എ.സി ലോ ഫ്ളോർ ബസുകളും 11 നോൺ എ.സി ലോഫ്ളോർ ബസുകളും ഉടൻ സർവീസിനെത്തും. ലോ ഫ്ളോർ ബസുകളുടെ റൂട്ട്മാറ്റവും സമയമാറ്റവും അടക്കം നാട്ടുകാരും മാധ്യമങ്ങളും ചൂണ്ടിക്കാട്ടിയ പരാതികൾ ഉടൻ പരിഹരിക്കും. സമയവും റൂട്ടും ഉടൻ പുനർനിർണയിക്കും.

ലോഫ്ളോർ ബസുകളുടെ നിലവിൽ പറയുന്ന നഷ്ടം യഥാർത്ഥ നഷ്ടമല്ലെന്ന് മന്ത്രി പറഞ്ഞു. ബസ് വാങ്ങാൻ മുടക്കിയ തുക ഏഴുവർഷംകൊണ്ട് തിരിച്ചുകിട്ടണമെന്നാണ് കണക്ക്. അതുവച്ചുനോക്കുമ്പോഴാണ് നഷ്ടം ഉണ്ടായതായി കണക്കാക്കുന്നത്. എന്നാൽ ദൈനംദിനം ഓടുന്നതിന്റെ ചെലവ് പരിഹരിക്കാനുള്ള കളക്ഷൻ കിട്ടുന്നുണ്ട്. ഡിസംബറിൽ ലോഫ്ളോർ ബസ് വരുത്തിയ നഷ്ടം 5,97,301 ആണെന്നും ജനുവരിയിൽ അത് 6,14,277 ആണെന്നും കെ.എസ്.ആർ.ടി.സി എം.ഡി പറഞ്ഞു. ഇത് മൊത്തം മൂലധനം തിരിച്ചുകിട്ടുന്നതിൽ ഉണ്ടായ നഷ്ടമാണെന്ന് വീണ്ടും മന്ത്രി വിശദീകരിച്ചു. സ്വകാര്യ വാഹനങ്ങൾ ഉപേക്ഷിച്ച് നഗരത്തിൽ പൂർണമായും ലോഫ്ളോർ ബസുകൾ ഉപയോഗിക്കുക എന്ന ആശയം നടപ്പാക്കാനാണ് ശ്രമിക്കുന്നത്. നഗരാതിർത്തിയിൽ വാഹനപാർക്കിംഗിന് ഇടങ്ങൾ ഉണ്ടായാൽ മാത്രമേ ഇത് നടക്കൂ-മന്ത്രി പറഞ്ഞു

ബസ് ചാർജ് വർദ്ധന പഠിച്ചശേഷം

തിരുവനന്തപുരം: ബസ്ചാർജ് വർദ്ധന സംബന്ധിച്ച തർക്കത്തിൽ കക്ഷിചേരാൻ വിവിധ ബസുടമാ സംഘടനകൾക്ക് നോട്ടീസ് അയച്ചതായി മന്ത്രി ജോസ് തെറ്റയിൽ പറഞ്ഞു.

ഈ മാസം 15ന് ഈ വിഷയത്തിൽ ഹിയറിംഗ് വച്ചിരിക്കുകയാണ്. നടപടികൾ പൂർത്തിയായശേഷം മാത്രമേ വർദ്ധന സംബന്ധിച്ച് തീരുമാനം എടുക്കൂ. വിദ്യാർത്ഥികളുടെ കൺസെഷൻ വർദ്ധനയും വ്യക്തമായി പഠിച്ചതിനുശേഷം തീരുമാനിക്കും.

advt